**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: ശാലിനി ഗോപിനാഥ് (പെൻ:498485)

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - ക്ഷീരവികസന ഓഫീസർമാർക്ക് 2:1 അനുപാതത്തിൽ സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/1917/2026-ES1 തിരുവനന്തപുരം,തീയതി:13-10-2026

പരാമർശം:- 1. സ.ഉ(അ) നം. 27/2021/ധന. തീയതി. 10.02.2021

2. സ.ഉ(സാധാ) നം. 73/2026/DD തീയതി 04.07.2026

3. കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 10.07.2026 ലെ DDKLM/35/2026-A4 നം കത്ത്.

4. സ.ഉ(സാധാ) നം. 81/2026/DD തീയതി. 04.08.2026

5.പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ 19.08.2026 ലെ DDPKD/655/2026-CA നം കത്ത്

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിലെ 196 ക്ഷീര വികസന ഓഫീസർമാർക്ക് 2:1 അനുപാതത്തിൽ സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം റേഷ്യോ അനുവദിക്കുമ്പോൾ ക്ഷീരവികസന ഓഫീസർമാരും സീനിയർ ക്ഷീര വികസന ഓഫീസർ / അസിസ്റ്റന്റ് ഡയറക്ടർ / സമാന തസ്തികകളിലേയ്ക്കുള്ള റേഷ്യോ 2:1 ആയി നിലനിർത്തണമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

സീനിയർ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. അനുകുമാരൻ (PEN: 651988), സീനിയർ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. പ്രവീണ ജി - എന്നിവർക്ക് പരാമർശം (2) (4) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും പരാമർശം (3), (5) പ്രകാരം യഥാക്രമം ഉദ്യോഗസ്ഥർ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള വിവരം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ 01.01.2026 ലെ ക്ഷീര വികസന ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി, താഴെ പറയുന്ന ക്ഷീരവികസന ഓഫീസർമാർക്ക് 59300-120900 രൂപ ശമ്പള നിരക്കിൽ, ഉയർന്ന തസ്തികകളിലെ ഓഫീസർമാർ തിരികെ വകുപ്പിൽ പ്രവേശിക്കുന്ന സാഹചര്യം ഉണ്ടാകുന്ന പക്ഷം

ജൂനിയർ മോസ്റ്റ് ആയ ക്ഷീരവികസന ഓഫീസർമാർ മുൻ തസ്തികകയിൽ തിരികെ പോകേണ്ടി വരും എന്ന വ്യവസ്ഥയിൽ, സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിച്ച് നിലവിലെ ഓഫീസിൽ തന്നെ നിലനിർത്തി ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥരുടെ പേരും കാര്യാലയവും | റേഷ്യോ പ്രാബല്യത്തിൽ വന്ന തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീ. അബ്ദുൾ മഹ്റൂഫ് എച്ച് പി, ക്ഷീരവികസന ഓഫീസർ പെരിന്തൽമണ്ണ | 06.07.2026 | ശ്രീമതി. അനുകുമാരൻ, അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചുപോയ ഒഴിവിൽ |
| 2 | ശ്രീമതി. സുനിത പി പി, ക്ഷീരവികസന ഓഫീസർ വെളിയനാട് | 14.08.2026 | ശ്രീമതി. പ്രവീണ ജി, അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചുപോയ ഒഴിവിൽ |

Digitally signed by
SALINI GOPINATH
Date: 13-10-2026
13:00:40

ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്(മേലധികാരി മുഖേന)

പകർപ്പ്:- 1)അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2)ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്)

3)ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം, ആലപ്പുഴ

4)ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ

5)ഡയറക്ടറുടെ സി എ

6)എ1 സീറ്റ് / സ്പാർക്ക്

7))ഇ എസ്2 സീറ്റ്